**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1992** **03-03-2025 - ൽ മറുപടിയ്ക്ക്**

**നിയമ വകുപ്പിലേക്കുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിയമ വകുപ്പിലേക്ക് നേരിട്ടുള്ള നിയമനത്തിനായി 17.5.2023-ൽ പ്രാബല്യത്തിൽ വന്ന പി.എസ്.സി (കാറ്റഗറി നമ്പർ 478/2020) റാങ്ക് ലിസ്റ്റ് നിന്നും എത്ര ഒഴിവുകളിലേക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | വിശദാംശങ്ങൾ KPSC വെബ്സൈറ്റിൽ ലഭ്യമാണ്. |
| (ബി) | പ്രസ്തുത ലിസ്റ്റിൽ നിന്നും ഓപ്പൺ ടേൺ വിഭാഗത്തിൽ എത്രപേർക്ക് നിയമന ശിപാർശ നൽകി എന്നും അവരുടെ മെയിൻ ലിസ്റ്റിലെ റാങ്ക് എത്രയാണെന്നും വിശദാംശമാക്കുമോ; | (ബി) | വിശദാംശങ്ങൾ KPSC വെബ്സൈറ്റിൽ ലഭ്യമാണ്. |
| (സി) | സംവരണ വിഭാഗത്തിൽ നിയമന ശുപാർശ നൽകിയവർ ഏതെല്ലാം സംവരണ സമുദായമാണെന്നും അവരുടെ മെയിൻ ലിസ്റ്റിലെ റാങ്ക് നമ്പർ എത്രയാണെന്നും വ്യക്തമാക്കുമോ; | (സി) | വിശദാംശങ്ങൾ KPSC വെബ്സൈറ്റിൽ ലഭ്യമാണ്. |
| (ഡി) | നിയമപ്രകാരം മെറിറ്റിൽ ഓപ്പൺ ടേണിൽ നിയമനത്തിന് അർഹതയുള്ളവരെ പ്രസ്തുത ടേണിൽ നിയമനം നൽകാതെ സംവരണ ഒഴിവുകളിലേക്ക് പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ എല്ലാ ലിസ്റ്റിലും പി.എസ്.സി ഇതേ രീതിയാണോ പിന്തുടരുന്നത് എന്ന് വ്യക്തമാക്കുമോ; | (ഡി) | പരിഗണിച്ചിട്ടില്ല. |
| (ഇ) | പി.എസ്.സി ടേൺ പാസ് ഓവർ (ടി.പി.ഒ) നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ഏത് നിയമ വ്യവസ്ഥ പ്രകാരമാണ് ഈ രീതി പിന്തുടരുന്നത്; ടി.പി.ഒ. നടപടിമൂലം സംവരണക്കാരുടെ അർഹതപ്പെട്ട നിയമന ശിപാർശ നിഷേധിക്കാനോ യഥാസമയം നൽകാതിരിക്കാനോ പാടില്ലായെന്ന ബഹു.സുപ്രീം കോടതിയുടെ സൗരവ് യാദവ് v/s സ്റ്റേറ്റ് ഓഫ് യു.പി കേസിലെ വിധി ഭരണഘടനയിലെ അനുച്ഛേദം 141 പ്രകാരം രാജ്യത്ത് നിയമമായി തീർന്നിട്ടും പി.എസ്.സി. പാലിക്കാതിരിക്കുന്നത് പരിശോധിക്കുമോ; | (ഇ) | ഉണ്ട്. KS & SSR Rule 14-17 പ്രകാരം സംവരണം ഉറപ്പുവരുത്തിയാണ് നിയമന ശിപാർശ നൽകുന്നത്. |

| | | | |
|---|---|---|---|
| (എഫ്) | സർക്കാർ സർവീസിൽ സംവരണ വിഭാഗങ്ങൾക്ക് നിയമാനുസൃതം ലഭിക്കേണ്ട പ്രാതിനിധ്യം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ പരിശോധന നടത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (എഫ്) | സംവരണം ഉറപ്പുവരുത്തുന്നതിന് റൊട്ടേഷൻ ചട്ടങ്ങൾ കർശനമായി പാലിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ